## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 746** **08-10-2024 - ൽ മറുപടിയ്ക്ക്**

## സഹകരണ സംരക്ഷണ നിധി പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ നിയമഭേദഗതിയിൽ ഉൾപ്പെടുത്തി പ്രതിസന്ധിയിലായ സഹകരണ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുവാൻ നടപ്പിലാക്കുന്ന സഹകരണ സംരക്ഷണ നിധി പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | അസാധാരണ സാഹചര്യങ്ങൾ മൂലം പ്രവർത്തനരഹിതമായ അവസ്ഥയിലുള്ളതോ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതോ ആയ സഹകരണ സംഘങ്ങൾക്ക് പദ്ധതിയിൽ പരാമർശിക്കുന്ന ഉപാധികൾക്കും നിബന്ധനകൾക്കും അനുസൃതമായി സാമ്പത്തിക സഹായം നൽകുക എന്നതാണ് കേരള സഹകരണ പുനരുദ്ധാരണ നിധി പദ്ധതിയുടെ ലക്ഷ്യം.<br><br>ദുർബലമായതോ പ്രവർത്തന രഹിതമായതും എന്നാൽ പ്രവർത്തന സ്ഥിരത നേടാൻ കഴിവുള്ളതോ ആയതുമായ സംഘങ്ങളെയാണ് ടി പദ്ധതി പ്രകാരം ധനസഹായത്തിനായി പരിഗണിക്കുന്നത്.<br><br>ധനസഹായം ആവശ്യമുള്ള സഹകരണ സംഘം ഒരു പുനരുജ്ജീവന പദ്ധതി തയ്യാറാക്കി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശ സഹിതം രജിസ്ട്രാർ മുഖാന്തിരം സംസ്ഥാന ഉന്നതതല കമ്മിറ്റിയ്ക്ക് സമർപ്പിക്കേണ്ടതാണ്.<br><br>സംസ്ഥാന ഉന്നതതല കമ്മിറ്റി അംഗീകരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ധനസഹായം അനുവദിക്കുന്നതിനുള്ള തീരുമാനമെടുക്കുന്നത് സഹകരണവകുപ്പ് മന്ത്രി ചെയർമാനായ സംസ്ഥാന ഉന്നതതല കമ്മിറ്റിയാണ്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | സംഘങ്ങൾ സമർപ്പിക്കുന്ന അപേക്ഷകളിൽ ധനസഹായം അനുവദിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതിനായി പദ്ധതിയുടെ ഉപനിബന്ധന തയ്യാറാക്കി വരികയാണ്. ഉപനിബന്ധനകൾ അംഗീകരിച്ച് സമയബന്ധിതമായി പദ്ധതി നടപ്പാക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ സംഘങ്ങൾക്കാണ് സഹായം ലഭ്യമാകുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) | ദുർബലമായതും പ്രവർത്തന രഹിതമായതും എന്നാൽ പ്രവർത്തന സ്ഥിരത നേടാൻ കഴിവുള്ളതോ ആയതുമായ സംഘങ്ങളെയാണ് കേരള സഹകരണ പുനരുദ്ധാരണ നിധി പദ്ധതി പ്രകാരം ധനസഹായത്തിനായി പരിഗണിക്കുന്നത്. |

സെക്ഷൻ ഓഫീസർ